മലയാളഭാഷയും കേരള സംസ്ക്കാരവും പരിചിതമാക്കാൻ സംവിധാനം

70 (130) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസി കേരളീയരുടെ മക്കൾക്ക് മലയാളഭാഷയും കേരള സംസ്കാരവും പരിചിതമാക്കുന്നതിന് "എന്റെ സർക്കാർ മലയാളം മിഷൻ" എന്ന പേരിൽ ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ ആസ്ഥാനം എവിടെ ; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) മറുനാടൻ മലയാളികളുടെ മക്കൾക്ക് മലയാളഭാഷയും കേരള സംസ്ക്കാരവും പരിചയിപ്പിക്കുന്നതിനായി, കേരള സർക്കാർ 'മലയാളം മിഷൻ' എന്നൊരു സ്വയം ഭരണ സ്ഥാപനത്തിന് രൂപം നൽകിയിട്ടുണ്ട്.

(ബി) മലയാളംമിഷന്റെ ആസ്ഥാനം തിരുവനന്തപുരമാണ്. മലയാളം മിഷന്റെ ഔപചാരിക ഉദ്ഘാടനം 22-10-2009-ൽ ഡൽഹിയിൽ നടന്നു. മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള ഒരു ഭരണ സമിതിയാണ് മലയാളംമിഷന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പ് സെക്രട്ടറിയാണ് മലയാളംമിഷൻ ഡയറക്ടറുടെ താൽക്കാലിക ചുമതല വഹിക്കുന്നത്. മലയാളംമിഷന്റെ കീഴിലുള്ള മലയാള ഭാഷാ പഠന കേന്ദ്രങ്ങളിൽ മൂന്ന് തലത്തിലുള്ള കോഴ്സുകളാണുള്ളത്. (സർട്ടിഫിക്കറ്റ് കോഴ്സ്, ഡിപ്ലോമ കോഴ്സ്, ഹയർ ഡിപ്ലോമ കോഴ്സ്)

ഇപ്പോൾ ഡൽഹിയിൽ മാത്രമാണ് മലയാളംമിഷന്റെ കീഴിൽ മലയാള ഭാഷാപഠനകേന്ദ്രങ്ങൾ നിലവിലുള്ളത്. എന്നാൽ ചെന്നൈ, മുംബൈ എന്നിവിടങ്ങളിൽ മലയാളംമിഷന്റെ കീഴിൽ മലയാളഭാഷാ പഠനകേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി നടന്നു വരികയാണ്. മലയാളഭാഷാപഠന കേന്ദ്രങ്ങളിലേക്കുള്ള പാഠപുസ്തകങ്ങളുടെയും പാഠ്യപദ്ധതിയുടെയും പരിഷ്ക്കരണത്തിനായുള്ള ശില്പശാലകൾ നടന്നുവരികയാണ്.

പ്രവാസിക്ഷേമ പ്രവർത്തനങ്ങൾക്കായി പദ്ധതികൾ

71 (131) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രവാസി ക്ഷേമകാര്യ വകുപ്പുവഴി നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ ;

(ബി) ഈ പദ്ധതികൾക്കായി 2005-10 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ചെലവഴിച്ച തുക വർഷം തിരിച്ച് വെളിപ്പെടുത്താമോ ;

(സി) പ്രവാസിക്ഷേമ പ്രവർത്തനത്തിനായി സർക്കാർ പ്രഖ്യാപിച്ച പദ്ധതികളുടെ നിർവ്വഹണ പുരോഗതി വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly